**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5738** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥകളിലും വായ്പ നൽകുന്ന ധനകാര്യ സ്ഥാപനമാണ് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ. വ്യവസായ വായ്പകളുമായി ബന്ധപ്പെട്ട സേവനങ്ങളും ആനുകൂല്യങ്ങളുമാണ് കെ.എഫ്.സി. വഴി പൊതുജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൂടുതൽ ജനസൗഹൃദമാക്കാൻ ലോണുകൾക്ക് നിലവിലുള്ള പലിശ നിരക്കുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശ നിരക്കുകൾ കുറയ്ക്കുവാനുള്ള നടപടികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്വീകരിച്ചുകഴിഞ്ഞു. |
| (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1) മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൽ ഒരു കോടി രൂപ വരെയുള്ള വായ്പകൾ 5 ശതമാനം പലിശയിൽ അനുവദിക്കുന്നു (ആകെ 8ശതമാനം നിരക്കിന്മേൽ 3 ശതമാനം സർക്കാർ സബ്സിഡിയാണ്). 2) വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്ക് 20 കോടി രൂപ വരെ ലളിത വ്യവസ്ഥയിൽ വായ്പ. 3) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി രൂപ വരെ 7.6% പലിശ നിരക്കിൽ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ. 4) ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശ നിരക്കുകൾ 9.5 ശതമാനമായിരുന്നത് 8 ശതമാനമായി കുറച്ചു. 5) വായ്പാ അപേക്ഷകളിൽ 7 ദിവസത്തിനകം തീരുമാനമെടുക്കാനുള്ള സംവിധാനം നടപ്പിലാക്കി. 6) |

| | | | |
|---|---|---|---|
| | | | ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ